തിരുവമ്പാടിയിൽ കഞ്ചാവുമായി അന്യസംസ്ഥാന തൊഴിലാളി പിടിയിൽ. ഒരു കിലോയിലധികം കഞ്ചാവുമായി പശ്ചിമ ബംഗാൾ സ്വദേശി പൊളാസ് മണ്ഡൽ(40) ആണ് പിടിയിലായത്. തിരുവമ്പാടി പാൽസൊസൈറ്റിക്ക് സമീപത്തെ പാർക്കിംഗ് ഗ്രൗണ്ടിൽ വെച്ചാണ് ഇയാളെ പിടികൂടിയത്. ബംഗാളിലെ ഹൗറ ജില്ല സ്വദേശിയാണ്.

ജില്ലാ പോലീസ് മേധാവി ജി.ജയദേവൻ്റെ നിർദേശപ്രകാരം ജില്ലയിൽ മദ്യ-മയക്കുമരുന്ന് മാഫിയക്കെതിരെ പ്രവർത്തനം ശക്തമാക്കി വരികയാണ്. അതിനിടെ ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ താമരശ്ശേരി DYSP പി.സി. സജീവൻ്റെ നിർദേശപ്രകാരം കൊടുവള്ളി സി.ഐ ചന്ദ്രമോഹൻ, തിരുവമ്പാടി എസ്.ഐ സനൽരാജ്, താമരശ്ശേരി DySP യുടെ ക്രൈം സ്ക്വാഡ് എന്നിവർ ചേർന്നു നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടിച്ചെടുത്തത്. ബാഗിലെ പ്ലാസ്റ്റിക് കവറിലും ശരീരത്തിലെ വിവിധ ഭാഗങ്ങളിലുമായി സൂക്ഷിച്ച നിലയിലായിരുന്നു കഞ്ചാവ്.

മലയോര മേഖലയിലെ സ്കൂൾ കുട്ടികൾ അടക്കമുള്ള ആവശ്യക്കാർക്ക് ചെറിയ പൊതികളിലാക്കി ചില്ലറ വിൽപ്പന നടത്തി വരികയായിരുന്നു ഇയാൾ.

കൊടുവള്ളി സി.ഐ.ചന്ദ്രമോഹൻ, തിരുവമ്പാടി എസ്.ഐ സനൽരാജ്, എ.എസ്.ഐ. അഷ്‌റഫ്, സി പി ഒ മാരായ ജിനേഷ് കുര്യൻ, അനീസ്, അനൂപ് ,താമരശ്ശേരി ഡി.വൈ.എസ്.പിയുടെ ക്രൈം സ്ക്വാഡ് അംഗങ്ങളായ എ.എസ്.ഐ രാജീവ്ബാബു, സിവിൽ പോലീസ് ഓഫീസർമാരായ ഷിബിൽ ജോസഫ്, ഷെഫീഖ് നീലിയാനിക്കൽ, ഹരിദാസൻ എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയത്.

